**അടിയന്തരപ്രമേയം**

ഇ-ഡിക്ലറേഷൻ നടപ്പാക്കിയതുമൂലമുള്ള പ്രതിസന്ധി

മി. സ്പീക്കർ: വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ, വാളയാർ ചെക്ക്പോസ്റ്റിലെത്തുന്ന വ്യാപാരികൾക്ക് ഇ-ഡിക്ലറേഷൻ നടപ്പാക്കിയതിനെത്തുടർന്ന് കഴിഞ്ഞ നാലഞ്ചു ദിവസങ്ങളായി ചരക്കു വാഹനങ്ങളുടെ നിര എട്ടുകിലോമീറ്ററോളമാവുകയും അന്തർ സംസ്ഥാന പൊതുഗതാഗതം ഉൾപ്പെടെ കുരുക്കിലാവുകയും വാളയാർ ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം സ്തംഭവാനവസ്ഥയിലാവുകയും വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ചരക്കുനീക്കം തടസ്സപ്പെടുകയും ചെയ്തതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. ഹംസ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കേരളത്തിലെ ചെക്ക്പോസ്റ്റുകൾ വഴി രജിസ്റ്റേർഡ് വ്യാപാരിയുടെ പേരിൽ ചരക്കുകൊണ്ടുവരുന്നതിന് മുൻകൂറായി 8F ഡിക്ലറേഷൻ ഓൺ ലൈനായി ഫയൽ ചെയ്യാനുള്ള സംവിധാനം 2010 മുതൽ ഏർപ്പെടുത്തിയതാണ്. മാനുവൽ സംവിധാനവും ഇലക്ട്രോണിക് സംവിധാനവും ഒരേസമയം തുടരാം. 2012 ഫെബ്രുവരി മുതൽ

ഓൺലൈൻ ഡിക്ലറേഷൻ നിർബന്ധമാക്കി. ഈ സംവിധാനം ഉപയോഗിച്ച് ചരക്കുവിൽക്കുന്ന ആൾ, വാങ്ങുന്ന ആൾ, ട്രാൻസ്പോർട്ടർ, പാർസൽ ഏജന്റ്, ഇന്റർനെറ്റ് കഫേ, കിയോസ്ക് നടത്തുന്നവർ തുടങ്ങിയ ആർക്കും വാണിജ്യ നികുതി വെബ്സൈറ്റിൽ നിന്ന്, ഏത് വ്യാപാരിയുടെ പേരിലും ചരക്കുകൊണ്ടുവരുന്നതിന് 8F ഡിക്ലറേഷൻ എടുക്കാൻ കഴിയും. അങ്ങനെ വരുമ്പോൾ, വ്യാപാരിയുടെ അനുവാദമോ അറിവോ ഇല്ലാതെ ആർക്കും അയാളുടെ പേരിൽ ചരക്കുകൊണ്ടുവരാൻ കഴിയും. അങ്ങനെ കൊണ്ടു വരുന്ന ചരക്കിനുള്ള നികുതിയും പിഴയും ഒടുക്കേണ്ടത് വ്യാപാരിയുടെ ബാദ്ധ്യതയായിരിക്കും. ആർക്കും ഡിക്ലറേഷനെടുക്കാവുന്നതിനാൽ വണ്ടി ചെക്ക്പോസ്റ്റിൽ എത്തിയതിനുശേഷം മാത്രം സമീപത്തുള്ള കിയോസ്ക്, നെറ്റ് കഫേ എന്നിവിടങ്ങളിൽനിന്ന് ഡിക്ലറേഷൻ എടുക്കാം. മുൻകൂറായി ഡിക്ലറേഷൻ എടുക്കാതെ ഇപ്രകാരം ചെയ്യുന്നത് വാഹനക്കുരുക്ക് സൃഷ്ടി ക്കുന്നതിനിടയാക്കും. പാർസൽ ഏജന്റുമാർ ഒരു വണ്ടിയിൽ കൊണ്ടുവരുന്ന പല വ്യാപാരികളുടെ സാധനങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഡിക്ലറേഷൻ എടുക്കേണ്ടി വരുന്നു. TIN ദുരുപയോഗത്തിനും കിയോസ്കുകളുടെ അനാവശ്യയിടപെടലിനും ഇടയാക്കുന്നു. ഇത് 08-07-2014 മുതൽ വരുത്തിയ മാറ്റങ്ങളാണ്. 17-05-2014-ൽ ഞാൻ വാളയാർ ചെക്ക്പോസ്റ്റിൽ ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി. ചെക്ക്പോസ്റ്റ് 24 മണിക്കൂർ ഇന്റലിജൻസ് ടേക്ക് ഓവർ ചെയ്ത് പഴയ സ്റ്റാഫിനെ മാറ്റിനിർത്തി പരിശോധിച്ചപ്പോൾ പത്തിരട്ടി കേസുകൾ പിടിക്കാൻ സാധിച്ചു. അതിന്റെ ഫലമായി, അവിടെ പ്രവർത്തിച്ചിരുന്ന താൽക്കാലിക ജീവനക്കാരായ

കമ്പ്യൂട്ടർ ഓപ്പറേറ്റർമാരേയും കിയോസ്ക്കുകളേയും മാറ്റിയതിലാണ് സംഭവമുണ്ടായത്. അതുകൊണ്ട് ഒരു പുനഃക്രമീകരണം അവിടെ ഏർപ്പെടുത്തുകയുണ്ടായി. ഇപ്പോൾ അതിന്റെ വിഷമതകളും മാർഗ്ഗതടസ്സങ്ങളും അവിടെയൊന്നുമില്ല. നേരത്തെ മാർഗ്ഗതടസ്സങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ എല്ലാ മാർഗ്ഗതടസ്സങ്ങളും കഴിയുന്നിടത്തോളം മാറ്റിയിട്ടുണ്ട്.

ശ്രീ. എം. ഹംസ: സർ, ഈ വിഷയം വളരെ ഗൗരവപ്പെട്ട വിഷയമാണെന്ന് ശ്രീ.കെ. എം. മാണി ഇവിടെ അവതരിപ്പിച്ച മറുപടിയിൽ വ്യക്തമാണ്. കഴിഞ്ഞ മാസം എട്ടാം തീയതി മുതലാണ് 8Fഡിക്ലറേഷൻ നിർബന്ധമാക്കിയത്. 8F ഡിക്ലറേഷൻ നിർബന്ധമാക്കി, നികുതിച്ചോർച്ച തടയുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കുന്നതിൽ ഞങ്ങളാരും എതിരല്ല. എന്നാൽ ഇങ്ങനെയൊരു പരിഷ്കാരം വരുത്തുന്ന സന്ദർഭത്തിലെടുക്കേണ്ട മുൻകരുതലുകളെടുക്കുന്നതിൽ ഈ ഗവൺമെന്റും ഈ ഗവൺമെന്റിന്റെ സംവിധാനവും പരാജയപ്പെട്ടിരിക്കുന്നുവെന്നാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ഇങ്ങനെ 8Fഡിക്ലറേഷൻ വേണമെന്ന് ഒരു സുപ്രഭാതത്തിലാണോ പറയേണ്ടത്? അന്യസംസ്ഥാനങ്ങളിൽനിന്നാണ് ചരക്കുസാധനങ്ങളായ അരി, പാൽ, പച്ചക്കറി, ഇല, കോഴിമുട്ട ഉൾപ്പെടെയുള്ളവ നമ്മുടെ സംസ്ഥാനത്തിൽ വന്നുകൊണ്ടിരിക്കുന്നത്. മറ്റു ഭാഷകൾ സംസാരിക്കുന്ന, അന്യസംസ്ഥാന തൊഴിലാളികളാണ് ഈ സാധനങ്ങൾ കേരളത്തിലെ ചെക്കുപോസ്റ്റുകളിൽ എത്തിക്കുന്നത്. ഒരു സുപ്രഭാതത്തിൽ ഭാഷ അറിയാത്തവരുടെ മുന്നിൽ വാളയാർ ചെക്ക്പോസ്റ്റിൽ 8F ഡിക്ലറേഷൻ വേണമെന്ന് പറഞ്ഞാൽ അവർ എന്തു ചെയ്യും? 10-12 കിലോമീറ്റർ ദൂരം ട്രാഫിക് ഗതാഗതം സ്തംഭിപ്പിച്ചു.

കോയമ്പത്തൂരിലേയ്ക്ക് ചികിത്സയ്ക്ക് പോകുന്ന നിരവധി രോഗികൾ ബുദ്ധിമുട്ടിലായി. എന്തൊരു ദുരന്തം പിടിച്ചൊരു അവസ്ഥയിലേക്കാണ് ഈ പരിഷ്കാരം വഴിയെത്തിയത്? ഇങ്ങനെയൊരു പരിഷ്ക്കാരം വരുത്തുന്നതിനു മുമ്പ് പത്രങ്ങളിൽ പരസ്യം ചെയ്തോ? ഈ ഗവൺമെന്റ് മതിയായ നോട്ടീസുകൾ കൊടുത്തോ? ഏതെല്ലാം ഭാഷാ പത്രങ്ങളിലാണ് ഇതിന് പരസ്യം കൊടുക്കേണ്ടത്? ഇന്നലെ നിങ്ങൾ യോഗം ചേർന്ന് എടുത്ത തീരുമാനം എന്തുകൊണ്ടാണ് 8-ാം തീയതിക്കുമുമ്പ് നടപ്പാക്കാത്തത്? എന്താണ് മതിയായ ഹോംവർക്ക് നടത്താതിരുന്നത്? മതിയായ ഹോംവർക്ക് നടക്കാത്തതുകൊണ്ട് ഇപ്പോൾ എന്താണ് ഉണ്ടായത്? ചരക്കുകളും നിത്യോപ യോഗ സാധനങ്ങളും കിട്ടാനില്ല. നിരവധി വഴികൾ വേറെയുണ്ട്. മാഫിയാ സംഘങ്ങൾക്ക് അറിയാത്ത വഴികളില്ല, ആ മാഫിയ സംഘങ്ങളിലൂടെ വഴി കൾ കടന്നുവന്ന് ചരക്കുകൾ, നിത്യോപയോഗ സാധനങ്ങൾ വലിയ വിലയ്ക്ക് വിൽക്കുന്ന ഒരു മാഫിയസംഘം അവിടെ രൂപപ്പെട്ടു. അങ്ങനെ യൊരു മാഫിയ സംഘം രൂപപ്പെടുത്തിയെടുത്തതിൽ ഉത്തരവാദിത്തം ഏറ്റെ ടുക്കേണ്ടത് ഈ ഗവൺമെന്റാണ് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. വിലക്കയറ്റം സൃഷ്ടിച്ച് ജനങ്ങളെ പൊറുതി മുട്ടിച്ചു. ഭരണാധികാരികൾക്ക് വേണ്ടത് നല്ലൊരു സമീപനമാണ്. അവർക്ക് ഒരു സ്വജനപക്ഷപാതം പാടില്ല, ആർക്കെങ്കിലും അഴിമതി കാണിക്കാനുള്ള ഒരു അവസരവും ഉണ്ടാക്കികൊടു ക്കാൻ പാടില്ല. പരിചയസമ്പന്നരായിട്ടുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ പെട്ടെന്നല്ലേ മാറ്റിയത്? അതിനുശേഷം പുതിയ ആളുകളെ കൊണ്ടുവന്നില്ലേ? പുതിയ ആളുകളെ കൊണ്ടുവരുമ്പോൾ, അവർക്ക് മതിയായ പരിശീലനം കൊടുക്കണമെന്ന കാര്യം ഈ ഗവൺമെന്റിന് ചിന്തിക്കാൻ കഴിയാതെ

പോയില്ലേ? അതുകൊണ്ടാണ് ഇങ്ങനെയൊരു പ്രതിസന്ധിയുണ്ടാകാൻ കാരണം. നിരവധി വ്യാപാരികളും വ്യവസായികളും നമ്മുടെ കേരളത്തിലുണ്ട്. ഞങ്ങൾക്ക് പഠിപ്പിക്കാൻ സമയം വേണമെന്നും സമയം നീട്ടിത്തരണമെന്നും അവർ നിങ്ങളോട് ആവശ്യപ്പെട്ടില്ലേ? എല്ലാവർക്കും കമ്പ്യൂട്ടർ സാക്ഷരതയില്ലല്ലോ? കമ്പ്യൂട്ടർ സാക്ഷരയില്ലാത്ത ആളുകൾക്ക് ഉൾപ്പെടെ, ഇത് ചെയ്യാനാവശ്യമായ ഒരു മെക്കാനിസം രൂപപ്പെടുത്തിയെടുക്കണ്ടേ? അതിന് മതിയായ സമയം വേണമെന്ന് പറഞ്ഞിട്ട് നിങ്ങൾ എന്താണ് സമയം കൊടുക്കാതിരുന്നത്? അതുകൊണ്ടാണ് കേരളം ഇത്രയും വലിയ ദുരന്തത്തിലെത്തിയത്. വെള്ളവും വെളിച്ചവുമില്ലാത്ത, നിത്യോപയോഗ സാധനങ്ങൾ വാങ്ങി കഴിക്കാൻ പറ്റാത്ത ഒരു സംസ്ഥാനമായി ഈ കേരളം മാറിയിരിക്കുകയാണ്. ഐ.എ.എസ്–കാർ തമ്മിൽ പരസ്പരവിശ്വാസമില്ലാത്ത കേരളമായി. ഐ.എ.എസ്. ഓഫീസർമാരോട് മന്ത്രിമാർ കൊടുക്കുന്ന ഉപദേശം നിയമപരമല്ലെങ്കിൽ, അത് നടപ്പാക്കേണ്ട എന്ന് ഐ.എ.എസ്. ഓഫീസർമാരുടെ സംഘടന പറയുന്ന അവസ്ഥയിലേക്ക് കേരളം എത്തി. ഇതുപോലെ മോശപ്പെട്ടൊരു അവസ്ഥയിലേക്ക് കേരളം എത്തുമ്പോൾ, വാളയാർ ചെക്ക്പോസ്റ്റിനെക്കുറിച്ച് എന്ത് അന്തസ്സോടുകൂടി, അഭിമാനത്തോടുകൂടിയാണെന്ന് കേരളം മുമ്പ് പറഞ്ഞത്, പ്രതിപക്ഷം മാത്രമല്ല, ഭരണകക്ഷി അംഗങ്ങളും പറഞ്ഞില്ലേ? അഴിമതിയില്ലാത്ത വാളയാർ പോസ്റ്റ്, ആ അഴിമതിയില്ലാത്ത വാളയാർ ചെക്ക്പോസ്റ്റിലൂടെ കടന്നുവരുമ്പോൾ എന്തെങ്കിലും ഒരു അഴിമതി കാണിച്ചാൽ അവർക്ക് ഇനാം പ്രഖ്യാപിച്ച ഒരു ധനകാര്യ വകുപ്പുമന്ത്രി കേരളത്തിൽ ഉണ്ടായിരുന്നു. അത് സഖാവ് വി.എസ്.അച്ചുതാനന്ദന്റെ ഗവൺമെന്റിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ആയിരുന്നു. അന്ന് പത്രമാധ്യമങ്ങൾ ആ

വെല്ലുവിളി ഏറ്റെടുത്തു. അവസാനം ചെറിയൊരു അഴിമതി, 20 രൂപയുടെ അഴിമതി കണ്ടുപിടിച്ചു. അത് മസ്ക്കറ്റ് ഹോട്ടലിൽ, അങ്ങ് ഉൾപ്പെടെ എല്ലാവരും പങ്കെടുത്ത യോഗത്തിൽ, മാധ്യമസുഹൃത്തുക്കൾക്ക് പ്രഖ്യാപിച്ച ഇനാം കൊടുത്തു. നിങ്ങൾ ഇനിയും അവിടെ അഴിമതി ഉണ്ടെങ്കിൽ കണ്ടുപിടിക്ക്, നിങ്ങളുടെ ഇനാം ഒരു ലക്ഷമായി ഉയർത്തിയിരിക്കുന്നുവെന്ന് അന്ന് ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞപ്പോൾ മാധ്യമസുഹൃത്തുക്കൾ അവിടെ പറഞ്ഞു, ഞങ്ങൾ ഇപ്പോഴേ പെട്ടുപോയി. ഇനി അങ്ങയുടെ വെല്ലുവിളി സ്വീകരിക്കാനില്ല. കാരണം അഴിമതി രഹിത ചെക്ക്പോസ്റ്റായി വാളയാർ ചെക്ക്പോസ്റ്റ് മാറിയിരിക്കുന്നുവെന്ന് പത്രമാധ്യമങ്ങൾ പ്രഖ്യാപിച്ചത് അന്നുണ്ടായിരുന്ന എം.എൽ.എ.-മാർ കേട്ടതാണ്. 32 ഏക്കർ സ്ഥലമാണ് അവിടെ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റിനുവേണ്ടി, ആധുനിക ചെക്ക്പോസ്റ്റിനുവേണ്ടി നമ്മൾ ഏറ്റെടുക്കാൻ തീരുമാനിച്ചത്. സ്ഥലം ഏറ്റെടുക്കാനുള്ള നടപടിക്രമങ്ങളിൽ ഈ ഗവൺമെന്റ് വേണ്ടത്ര ജാഗ്രത കാണിച്ചില്ല. അങ്ങനെ ജാഗ്രത കാണിച്ച്, ഒരു ആധുനിക ചെക്ക് പോസ്റ്റു വന്നാൽ നികുതി ചോർച്ച തടയുമായിരുന്നു. പക്ഷേ അതിന് വേണ്ടത്ര ജാഗ്രത കാണിച്ചില്ല. എല്ലാമാസവും എത്തുന്ന മുൻ ധനകാര്യ വകുപ്പുമന്ത്രിയായ ഡോ. ടി.എം. തോമസ് ഐസക് അവിടെ ഉണ്ടായിരുന്നു. അങ്ങ് അധികാരത്തിൽ വന്നതിനു ശേഷം ഏതാനും ദിവസം മാത്രം, ഇപ്പോൾ കഴിഞ്ഞ 15-ാം തീയതി അങ്ങ് സന്ദർശിച്ചു. എല്ലാ മാസവും ചെക്ക് പോസ്റ്റിൽ എത്തുമ്പോൾ അവിടെയുള്ള പ്രവർത്തനം കാര്യക്ഷമമായി നടക്കും. ഐ.എ.സി. എന്നുപറയുന്ന ഓഫീസർ ആണല്ലോ പ്രധാനപ്പെട്ട ഓഫീസർ. മൂന്ന് കൊല്ലത്തിനുള്ളിൽ എത്ര ഐ.എ.സി. ഓഫീസർമാരെയാണ് അങ്ങ് മാറ്റിയത്? മൂന്ന് കൊല്ലത്തിനുള്ളിൽ

ആറ് ഐ.എ.സി. –മാർ വാളയാർ ചെക്ക്പോസ്റ്റിൽ ചുമതല ഏറ്റെടുത്തു. ഇപ്പോൾ അങ്ങ് സന്ദർശനം നടത്തിയതിനുശേഷവും ഐ.എ.സി. ഓഫീസർ ലീവ് എടുത്തുപോയിരിക്കുന്നു. എന്തിനാണ് അദ്ദേഹം ലീവ് എടുത്തു പോയത്, ഐ.എ.സി. ഓഫീസർ ഇല്ലാതെ എങ്ങനെയാണ് വാളയാർ ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നത്?

വാളയാർ ചെക്പോസ്റ്റിലുള്ള 51 സെയിൽസ് ടാക്സ് ഇൻസ്പെക്ടർമാരിൽ 26 പേരെയും 26 ക്ലാർക്കുമാരിൽ 9 പേരെയും മറ്റു ചെക്പോസ്റ്റുകളിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിച്ചു. വാളയാർ ചെക്പോസ്റ്റിൽ നിന്നും ലഭിക്കുന്ന നികുതി കുറയ്ക്കാൻ ആരൊക്കെയോ നടത്തുന്ന ഗൂഢാലോചനകളിൽ അങ്ങും പങ്കാളിയാണോയെന്ന് വ്യക്തമാക്കണം. 51 സെയിൽ ടാക്സ് ഇൻസ്പെക്ടർമാരെയും 26 ക്ലാർക്കുമാരെയും കൊടുക്കാൻ കഴിയാത്ത ഭരണകൂടത്തിന് എങ്ങനെയാണ് കേരളത്തിലെ വാളയാറും മഞ്ചേശ്വരവും ഉൾപ്പെടെയുള്ള ചെക്പോസ്റ്റുകളെ കാര്യക്ഷമമായി പ്രവർത്തിപ്പാക്കാൻ കഴിയുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 15 കൗണ്ടറുകൾ പ്രവർത്തിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു, 15 കൗണ്ടറുകൾ പ്രവർത്തിക്കാത്ത ഒരു ദിവസവും ഉണ്ടായിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 8 കൗണ്ടറിൽകൂടുതൽ പ്രവർത്തിച്ച ഒരു ദിവസം ചൂണ്ടിക്കാണിക്കാൻ ഗവൺമെന്റിന് കഴിയുമോ? ഇന്നലെ നികുതി വകുപ്പ് സെക്രട്ടറി അവിടെ വന്നിരുന്നു. അദ്ദേഹം ടാർജറ്റ് ചെയ്തത് 13 കൗണ്ടറുകൾ പ്രവർത്തിക്കണമെന്നാണ്, ഇപ്പോഴും 15–നെക്കുറിച്ച് ചിന്തിക്കു

ന്നില്ല. 15 കൗണ്ടറുകൾ പ്രവർത്തിക്കണമെങ്കിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം. ചെക്പോസ്റ്റിലെ പ്രവൃത്തി ചെറുതല്ല. കൈത്തറി സാധനങ്ങൾക്ക് നികുതിയില്ല. എന്നാൽ റെഡിമെയ്ഡ് സാധനങ്ങൾക്ക് നികുതിയുണ്ട്. കൈത്തറിയാണെന്നുപറഞ്ഞ് റെഡിമെയ്ഡ് സാധനങ്ങൾ കൊണ്ടുവന്ന് നികുതി വെട്ടിപ്പ് നടത്തുന്നു. പച്ചക്കറിക്ക് നികുതിയില്ല. എന്നാൽ പച്ചക്കറിയാണെന്ന പേരിൽ പലചരക്ക് കൊണ്ടുവരുന്നത് ശ്രദ്ധിക്കണം. ഇതെല്ലാം പരിശോധിച്ചാൽ മാത്രമേ നികുതി വെട്ടിപ്പ് തടയാൻ സാധിക്കുകയുള്ളൂ. അഴിമതിരഹിതമായ വാളയാർ ചെക്പോസ്റ്റ് നമ്മുടെ അഭിമാനമായിരുന്നു. വാളയാർ ചെക്പോസ്റ്റുൾപ്പെടെ പല പ്രദേശങ്ങളിലും നികുതി വരുമാനം തടഞ്ഞതുവഴി ...............

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ........

ശ്രീ. എം. ഹംസ: സർ, ഒരു മിനിറ്റിനുള്ളിൽ അവസാനിപ്പിക്കാം. 2600 കോടി രൂപ പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർമാർക്ക് കൊടുക്കാൻ വകുപ്പിൽ പൈസയില്ല. ട്രഷറി പൂട്ടി. പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർക്ക് വർക്ക് ചെയ്യാൻ കരാർ ഒപ്പുവയ്ക്കണമെങ്കിൽ പെർഫോർമൻസ് ഗ്യാരന്റിയായി, ബാങ്ക് ഗ്യാരന്റി പോര, പണം തന്നെ കൊടുക്കണമെന്ന് തീരുമാനിച്ചു. അങ്ങനെ നമ്മുടെ നാട്ടിലെ വികസനം തന്നെ തടഞ്ഞു. ഒരു വർഷക്കാലമായി ബിൽ കൊടുക്കാത്ത അവസ്ഥയിലേയ്ക്കെത്തി. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുകീഴിൽ ധനകാര്യ വകുപ്പുൾപ്പെടെ എല്ലാ വകുപ്പും കൂടിചേർന്ന് കേരളത്തെ താജ്മഹലാക്കി മാറ്റിയിരുന്നു. ഇപ്പോൾ ഈ താജ്മഹലിനെ നിങ്ങളെല്ലാവരും കൂടിചേർന്ന് ഒരു ഭാർഗ്ഗവീ നിലയമാക്കിയിരിക്കുന്നു. അതിന്റെ തെളിവാണ് വാളയാർ ചെക്പോസ്റ്റിലെ

ദുരന്തം. വാളയാർ ചെക്പോസ്റ്റിലെ ദുരന്തമുൾപ്പെടെ പരിഹരിക്കുന്നതിനു വേണ്ടി ജാഗ്രതയോടെയുള്ള ഇടപെടലുകൾ ഉണ്ടാകണം. അതിനുവേണ്ടി ഈ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വാളയാറിലെ സ്തംഭനംകൊണ്ട് കേരളം മുഴുവൻ സ്തംഭിച്ചിരിക്കുന്നു എന്ന രീതിയിലാണ് ബഹുമാനപ്പെട്ട മെമ്പർ പർവ്വതീകരിച്ച് പറഞ്ഞത്. എന്തൊരു പർവ്വതീകരണമാണ് ഇത് എന്നോർത്ത് ഞാനും അത്ഭുതപ്പെട്ടുപോയി. ഇത് ഈ കേരളത്തിലാണോ; കേരളത്തിലാണോ നമ്മൾ ജീവിക്കുന്നത്? ഇവിടെ പറഞ്ഞതെല്ലാം വെറും അതിശയോക്തിയാണ്. ഇങ്ങനെ അടിയന്തരപ്രമേയം അവതരിപ്പിച്ച് അതിശയോക്തി കൊണ്ടുവരികയാണ്. 08-07-2014-ൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല സമിതി വാളയാറിലെ ഗതാഗത പ്രശ്നം പഠിച്ചതിനുശേഷം അത് പരിഹരിക്കുന്നതിന് നൽകിയ നിർദ്ദേശ പ്രകാരമാണ് പുതിയ മാറ്റങ്ങൾ വരുത്തിയിരിക്കുന്നത്. നിയമസഭയിലെ ചർച്ചകളിൽതന്നെ പല അഭിപ്രായങ്ങൾ വന്നിരുന്നു. ചീഫ് സെക്രട്ടറിയെത്തന്നെ അവിടേയ്ക്ക് അയയ്ക്കുകയും അദ്ദേഹം അവിടെ പോയി പഠിച്ചതിനുശേഷം അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് ഇനി മുതൽ കേരളത്തിലെ രജിസ്റ്റേർഡ് വ്യാപാരികൾക്കുവേണ്ടി ചെക്പോസ്റ്റുവഴി ചരക്ക് കൊണ്ടുവരുന്നതിന് 8എ ഡിക്ലറേഷൻ ആ വ്യാപാരിക്കോ ചരക്ക് വിൽക്കുന്ന ആൾക്കോ മാത്രമേ എടുക്കാൻ കഴിയുള്ളൂ എന്ന നിർദ്ദേശം കൊടുത്തു. ഇതിനായി നിലവിൽ രജിസ്ട്രേഷനുള്ള എല്ലാ വ്യാപാരികൾക്കും നൽകിയിട്ടുള്ള ലോഗ് ഇൻ ഐ.ഡിയും പാസ്‌വേർഡും ഉപയോഗിക്കുകയോ 8എ ഡിക്ലറേഷൻ എടുക്കുന്നതിനായി മാത്രം വെബ്സൈറ്റിൽനിന്നും ലഭിക്കുന്ന പുതിയ

ലോഗ് ഇൻ ഐ.ഡി യും പാസ്‌വേർഡും ഉപയോഗിക്കുകയും ചെയ്യാം എന്ന നിർദ്ദേശം കൊടുക്കുകയും ചെയ്തു. പഴയ ഗവൺമെന്റിന്റെ കാലഘട്ട ത്തിലെ അഴിമതി വിരുദ്ധ നടപടികളെ പ്രകീർത്തിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ ............ ഡെയ്‌ലി വേജസിൽ വർക്ക് ചെയ്തിരുന്ന ഡേറ്റാ എൻട്രി ഓപ്പ റേറ്റർമാർ അഴിമതി നടത്തുന്നതായി കണ്ടുപിടിച്ച് അവരെ മാറ്റിയതിന്റെ പേരിലാണ് ഇപ്പോൾ ഈ പ്രശ്നം വന്നിരിക്കുന്നത്. ഇത് എന്ത് വിരോധാഭാസ മാണ്. അഴിമതിയുടെ പേരിൽ നമുക്ക് ഉദ്യോഗസ്ഥൻമാരെ മാറ്റാൻ പാടില്ലേ? അതൊക്കെ ഗവൺമെന്റിന്റെ നയമാണ്. ഏതൊക്കെ ഉദ്യോഗസ്ഥൻമാരെ എവിടെയൊക്കെ നിയമിക്കണം എന്നത് സംബന്ധിച്ച് ഈ ഗവൺമെന്റിന് നയമുണ്ട്. സംശുദ്ധമായ ഭരണമാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്. അഴിമതി നടത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ കർശന നടപടി സ്വീകരിക്കും. അതിന്റെ ഭാഗമായിട്ടാണ് ഈ നടപടികൾ സ്വീകരിച്ചിട്ടുള്ളത്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അഴിമതി നടത്തിയ ഉദ്യോഗസ്ഥൻമാർക്കെതിരായി എന്തെങ്കിലും കേസ് എടുത്തി ട്ടുണ്ടോ; അത് സംബന്ധിച്ച് പറയാമോ?

ശ്രീ. കെ. എം. മാണി: സർ, അഴിമതി നടത്തിയ ഉദ്യോഗസ്ഥൻമാർക്കെ തിരെ എത്രയോ കേസുകൾ എടുത്തു. ഇത് പ്രത്യേക ചോദ്യമായി ചോദിച്ചാൽ ഇത് സംബന്ധിച്ച വിശദീകരണം നൽകാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതര ണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, വികസന പ്രവർത്തനങ്ങളിലും ക്ഷേമ കാര്യങ്ങളിലും ഈ സർക്കാർ പുലർത്തുന്ന അലംഭാവത്തെപ്പറ്റിയും അവയിൽ അരങ്ങേറുന്ന അഴിമതികളെപ്പറ്റിയും നിരവധി തവണയായി ഈ സഭയിൽത്തന്നെ ചർച്ച ചെയ്യപ്പെട്ടുകഴിഞ്ഞു. ഇതേ കെടുകാര്യസ്ഥതയാണ് സർക്കാർ നികുതി പിരിവിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും കാണിച്ചുകൊണ്ടിരിക്കുന്നത്. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് വാളയാർ ചെക്പോസ്റ്റിലെ സ്തംഭനാവസ്ഥ. ആലോചനയി ല്ലാതെയും കാര്യക്ഷമതയില്ലാതെയുമാണ് വാളയാർ ചെക്പോസ്റ്റിലെ പ്രവർത്തനം സ്തംഭനാവസ്ഥയിൽ എത്തിച്ചത് എന്ന് അടിയന്തരപ്രമേയ ത്തിന് അനുമതി തേടിയ ശ്രീ. എം. ഹംസ വിശദമാക്കിക്കഴിഞ്ഞു. വാളയാർ ചെക്പോസ്റ്റിലെ ആധുനികവൽക്കരണത്തിന് സഹായകമായ പദ്ധതി നടപ്പി ലാക്കുന്നതിന് ഈ സർക്കാർ കാട്ടിയ അലംഭാവവും നിരുത്തരവാദിത്വവു മാണ് ഈ പ്രശ്നങ്ങളുടെയെല്ലാം മൂലകാരണം. വാളയാർ ചെക്പോസ്റ്റിനെ ആധുനിക ചെക്പോസ്റ്റാക്കി മാറ്റാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 22 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. അർദ്ധ സർക്കാർ സ്ഥാപന മായ ഇൻകെൽ-നെ ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. വാളയാർ ചെക്പോസ്റ്റിന്റെ ആധുനികവൽക്കരണത്തിന് എൽ.ഡി.എഫ്. സർക്കാർ 14 ഏക്കർ ഭൂമിയും ഏറ്റെടുത്തിരുന്നു. ആ ഭൂമി കൂടി ഉപയോഗപ്പെടുത്തി ആധുനികവൽക്കരണം നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇപ്പോൾ പ്രശ്നം സൃഷ്ടിക്കുന്ന വാഹനങ്ങ ളുടെ നീണ്ട നിരയും അനുബന്ധ ഗതാഗതക്കുരുക്കും ഒഴിവാക്കാമായിരുന്നു.

അതുപോലെ വാളയാർ ചെക്പോസ്റ്റിലെ യോഗ്യരായ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ മാറ്റുകയും ആ സ്ഥാനത്ത് അഴിമതിയിലൂടെ യോഗ്യതയില്ലാത്തവരെ നിയമിക്കുകയും ചെയ്തു. യോഗ്യതയില്ലാത്തവരെ നിയമിക്കുമ്പോൾ ജോലി തടസപ്പെടുക സ്വാഭാവികമാണ്. വലിയ അഴിമതി നടത്തിയാണ് ഇങ്ങനെ യോഗ്യതയില്ലാത്തവരെ നിയോഗിച്ചിരിക്കുന്നത്. വാളയാറിലെ പ്രശ്നങ്ങൾക്ക് മറ്റൊരു കാരണം കമ്പ്യൂട്ടർ ഫയലിംഗിനൊപ്പം അതിന്റെ പ്രിന്റൗട്ട് കൂടി ഹാജരാക്കണമെന്ന നിബന്ധനയാണ്. പ്രിന്റൗട്ട് എടുക്കാൻ അടുത്ത ബൂത്തുകളിൽ പോകുമ്പോൾ കാലതാമസമുണ്ടാവുകയാണ്. ഇതിന്റെ ആവശ്യമില്ല. പ്രിന്റൗട്ടിനുപകരം ടോക്കൺ ഏർപ്പെടുത്തിയാൽ ഇത് ലഘൂകരിക്കാനും കാലതാമസം ഒഴിവാക്കാനും കഴിയും. പക്ഷേ ഇത് ബൂത്തുകളെ ഏൽപ്പിക്കുന്നതിലും അഴിമതി നടത്തുകയാണ് നിങ്ങൾ ചെയ്യുന്നത്. ഇതൊക്കെയാണ് വാളയാർ ചെക്പോസ്റ്റിലെ പ്രശ്നങ്ങൾക്ക് കാരണം. അടിസ്ഥാന പ്രശ്നം ഈ സർക്കാരിന്റെ അഴിമതിയും കെടുകാര്യസ്ഥതയുമാണ്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്താൽ ഈ സർക്കാരിന്റെ മുഖം വികൃതമാകുമെന്ന് അറിയാം. അതുകൊണ്ടാണ് ചർച്ചയ്ക്ക് സർക്കാർ തയ്യാറാകാത്തത്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. സി. ദിവാകരൻ</u> : സർ, ഈ ഗവൺമെന്റ് സൃഷ്ടിച്ച ഗുരുതരമായ പ്രശ്നമാണിത്. വാളയാർ ചെക്ക്പോസ്റ്റിൽ കാര്യങ്ങൾ വളരെ ശാന്തമായി നടന്നുകൊണ്ടിരുന്നതും വാഹനങ്ങൾ യഥാക്രമം പൊയ്ക്കൊണ്ടിരുന്നതു

മാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് ഒരു ഉൾവിളി തോന്നി, ഒരു ദിവസം രാവിലെ 8F ഡിക്ലറേഷൻ വേണമെന്ന് ഗവൺമെന്റ് തീരുമാനിച്ചു. ഇതുസംബന്ധിച്ച് മുന്നൊരുക്കങ്ങളൊന്നും നടത്തിയിട്ടില്ലെന്ന് അങ്ങ് തന്നെ ഇവിടെ സമ്മതിച്ചിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റ് പോലെ സെൻസിറ്റീവ് ആയിട്ടുള്ള ചെക്ക്പോസ്റ്റിൽ, കേരളത്തിൽ എല്ലാ സാധനങ്ങളും വരുന്ന ഏക ചെക്ക്പോസ്റ്റിൽ ഒരാഴ്ചയിലേറെക്കാലം സ്തംഭനത്തിലായിരുന്നു. 15 കിലോ മീറ്ററിലേറെ ദൂരത്തിൽ വാഹനങ്ങൾ കിടക്കുകയായിരുന്നു. കേരളത്തിൽ അപൂർവ്വങ്ങളിൽ അപൂർവ്വമായ സംഭവമാണ് വാളയാർ ചെക്ക്പോസ്റ്റ് സംഭവം. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം മാണിസാറിനുള്ളതാണ്. അങ്ങ് നടത്തിയ തുഗ്ലക്കിന്റെ പരിഷ്കാരം, തലതിരിഞ്ഞ പരിഷ്കാരമാണിത്. ഇതിന്റെ ഒരാവശ്യവും ഇല്ലായിരുന്നു. അതിന്റെ ഫലമായി കേരളത്തിൽ വില ക്കയറ്റം വീണ്ടും ക്രമാതീതമായി വർദ്ധിക്കുകയും സാധനങ്ങൾക്ക് ഷോർട്ടേജ് വരികയും ചെയ്തു. കരിഞ്ചന്തക്കാരും കള്ളക്കച്ചവടക്കാരും ജനങ്ങളെ കൊള്ളയടിച്ചു. അതിനുകൂട്ടുനിൽക്കുകയാണ് നിങ്ങൾ ചെയ്തത്. നമ്മുടെ നാട് ഒരു കൺസ്യൂമർ സ്റ്റേറ്റായതുകൊണ്ട് എല്ലാ സാധനങ്ങളും അന്നന്ന് വന്നില്ലെങ്കിൽ മാർക്കറ്റിൽ വില വർദ്ധിക്കും. എന്നാൽ ആ തക്കം ഉപയോഗിക്കാൻ കഴിയുന്നത് കരിഞ്ചന്തക്കാർക്കും കള്ളക്കച്ചവടക്കാർക്കു മാണ്. അതിനല്ലേ നിങ്ങൾ കൂട്ടുനിന്നത്? അഴിമതിക്കാരെ കണ്ടുപിടിച്ചുവെന്ന് അങ്ങ് പറഞ്ഞു. വാളയാർ ചെക്ക്പോസ്റ്റിൽ ഈ സംഭവത്തിൽ അങ്ങ് അഴിമതിക്കാരെന്ന് ചൂണ്ടിക്കാണിക്കുന്ന, സ്ഥലംമാറ്റിയ ഏതെങ്കിലും ഒരാളുടെ പേരിൽ നടപടിയെടുക്കുകയോ, ശിക്ഷിക്കുകയോ, കേസ് രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടുണ്ടോ? വാളയാർ ചെക്ക് പോസ്റ്റിൽ അഴിമതിയു

ണ്ടെന്നും അത് ഞാൻ കണ്ടുപിടിച്ചുവെന്നും അഴിമതിക്കാരെ മാറ്റിയെന്നും എനിക്ക് താൽപ്പര്യമുള്ളവരെ അവിടെ നിയമിച്ചുവെന്നും വെറുതെ പറഞ്ഞാൽ മതിയോ? അഴിമതിക്കാരാണെങ്കിൽ അവരുടെ പേരിൽ നടപടി എടുക്കണം. ഈ സഭയിൽ അത് പറയണം. അങ്ങയെപ്പോലൊരു മന്ത്രി സ്വന്തം വകുപ്പിൽ അഴിതിക്കാരെ കണ്ടുപിടിച്ചിട്ട് കേസ് എടുക്കാതെ വെറുതെ വിട്ടതിന്റെ കാര്യമെന്താണ്? അത് ചോദിച്ചപ്പോൾ വ്യക്തമായ മറ്റ് ധാരാളം ചോദ്യങ്ങൾക്ക് മറുപടി പറയാമെന്നാണ് മന്ത്രി പറഞ്ഞത്. പ്രത്യേക സ്ഥലത്ത് അങ്ങ് ഇടപെട്ട് കണ്ടെത്തിയ അഴിമതിക്കാരുടെ പേരിൽ നടപടിയെടുത്തോ എന്നാണ് ചോദിച്ചത്? അതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതുവരെ മറുപടി നൽകിയിട്ടില്ല. അങ്ങയുടെ ഉദ്ദേശ്യമെന്താണ്?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, അങ്ങയുടെ കാലത്തും കാര്യക്ഷമതയില്ലെന്ന പരാതികളും ആക്ഷേപങ്ങളും ഉണ്ടാകുന്നുണ്ട്. ഒരു ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയാൽ ഉടൻ കേസ്സെടുക്കുമോ? അങ്ങനെ ഞാൻ കേട്ടിട്ടില്ല. ചിലപ്പോൾ സ്ഥലംമാറ്റും. എഫിഷ്യന്റ് ആയിട്ടുള്ള ആളുകളെ നിയമിക്കും. ഇതൊക്കെ എല്ലാ ഗവൺമെന്റിന്റെ കാലത്തുമുള്ളതാണ്.

ശ്രീ. സി. ദിവാകരൻ : സർ, നിയമസഭയിൽ അങ്ങ് നടത്തിയ പ്രസംഗം ഇപ്പോൾ പരിശോധിക്കാം. അവിടെ അഴിമതിയുണ്ടെന്നും അത് കണ്ടുപിടിച്ചത് തെറ്റായിപ്പോയോയെന്നുമാണ് അങ്ങിവിടെ ചോദിച്ചത്. ഇപ്പോൾ അങ്ങ് പറയുന്നു, അവരെ സ്ഥലം മാറ്റിയാൽ പോരെ, നടപടി എടുക്കേണ്ട കാര്യമുണ്ടോയെന്ന്. എന്തിനാണിങ്ങനെ മാറിമാറി പറയുന്നത്? അഴിമതി നടത്തിയെങ്കിൽ അവരുടെ പേരിൽ നടപടി എടുക്കാനാവശ്യ

പ്പെട്ടാൽ അതൊരു മഹാപാപമാണോ? എന്തിനാണ് ഈ പരിഷ്കാരം വരുത്തിയത്? എന്തിനാണ് കേരളത്തെ രണ്ടാഴ്ചക്കാലം ശ്വാസം മുട്ടിച്ചത്? എന്തിനാണീ ഗതാഗതക്കുരുക്ക് ഉണ്ടാക്കിയത്? എന്തിനാണ് അസൗകര്യ ങ്ങൾ രാജ്യത്തെ പാവപ്പെട്ട ആളുകളുടെ മുകളിൽ അടിച്ചേൽപ്പിച്ചത്? പല സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചരക്ക് അവിടെ കെട്ടിക്കിടന്നു. രാജ്യത്തെ പത്ര മാധ്യമങ്ങളിൽ മുഴുവൻ വാർത്തവന്നു. എന്താണിതിന്റെ അവസ്ഥ, എങ്ങനെ ഇതിനു പരിഹാരം കാണുമെന്ന് ആളുകൾ അമ്പരന്നു പോയി. ആരാണിതിന്റെ കുറ്റവാളി. നമ്പർ വൺ കുറ്റവാളി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയാണ്. അങ്ങേയ്ക്ക് പറ്റിയ ഒരബദ്ധമാണ്. ആ അബദ്ധം കറക്ട് ചെയ്യണമെന്നാണ് പറയുന്നത്. ചർച്ച ചെയ്താൽ അങ്ങ് കൂടുതൽ കുഴപ്പത്തിലാകും. കാരണം അഴിമതിക്കാരെ ഇപ്പോഴും അങ്ങ് സംരക്ഷിക്കുന്ന സ്റ്റേറ്റുമെന്റാണ് ഇവിടെ നടത്തിയത്. നടപടിയെടുക്കുമെ ന്നല്ല, കേസ് എടുക്കുമെന്നല്ല, അങ്ങനെ എല്ലാവരുടെയും പേരിൽ കേസ് എടുക്കാൻ പറ്റുമോ എന്നാണ് ചോദിച്ചത്. പൊതുവായി മൂടിവയ്ക്കേണ്ട കാര്യമുണ്ടോ? അഴിമതിക്കാരായ മൂന്നോ നാലോ ഡാറ്റാ എൻട്രി ഓപ്പറേ റ്റർമാർ ഉണ്ടെങ്കിൽ അവരെ ജയിലിലടയ്ക്കാൻ നടപടി എടുക്കണം. അതിനെന്താണ് കുഴപ്പം? ഉദ്യോഗസ്ഥന്മാർ അഴിമതി കാണിച്ചാൽ നടപടി എടുക്കണ്ടേ? എടുക്കുമെന്നല്ലേ അങ്ങ് പറയുന്നത്. അത് ചെയ്തില്ല. അതിനുപകരം പുതിയ ധാരാളം ന്യായങ്ങൾ പറയുന്നു. ഇത് തലതിരിഞ്ഞ ഒരു പരിഷ്കാരമാണ്. ഈ ഗവൺമെന്റ് വകുപ്പിൽ നികുതി പിരിച്ചെടുക്കുന്ന തിന്റെ കണക്കുകൾ ഇവിടെ വന്നിട്ടുണ്ട്. നികുതി പിരിച്ചെടുക്കാതെ വാളയാ റിൽ നടന്നുകൊണ്ടിരുന്ന നികുതി പിരിവിനെ തടസ്സപ്പെടുത്തി ഒരാഴ്ചയോളം നികുതിയും പിരിവും ചരക്കുവാഹനങ്ങൾ അനങ്ങാതെയുമുള്ള സ്തംഭനാ

വസ്ഥ ഉണ്ടാക്കിയത് അങ്ങയുടെ ഉത്തരവാദിത്തമാണ്. അത് കേരളത്തോട് ചെയ്ത ഏറ്റവും കടുത്ത പ്രയോഗമാണ്. ഇത് ചർച്ച ചെയ്താൽ ഇനിയും വസ്തുതകൾ പുറത്തുവരുമെന്നുള്ളതുകൊണ്ടാണ് ചർച്ച ചെയ്യാൻ അനുവദിക്കാത്തത്. ചർച്ച ചെയ്യാൻ തയ്യാറാകാത്ത കാര്യമെന്താണ്? അടിയന്തരപ്രമേയം ചർച്ച ചെയ്താൽ അങ്ങയെപ്പോലുള്ള ആളുകൾക്ക് മറുപടി പറയാമല്ലോ; ചർച്ച ചെയ്യാൻ അനുവദിക്കാത്ത ജനാധിപത്യവിരുദ്ധമായ സമീപനം വീണ്ടും സഭയിൽ തുടങ്ങുകയാണ്. കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ കൊണ്ടുവന്നിട്ടും സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഇവിടെ അനുവദിക്കുന്നില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, കഴിഞ്ഞ ദിവസം റെയിൽവെ വിഷയം ചർച്ച ചെയ്തിരുന്നു.

ശ്രീ. സി. ദിവാകരൻ : റെയിൽവെ വിഷയം ചർച്ച ചെയ്യാൻ ഇപ്പോൾ സൗകര്യം കാണും. മുമ്പാണെങ്കിൽ സൗകര്യം കാണില്ല. ഗുരുതരമായ ഈ പ്രശ്നം ചർച്ച ചെയ്യാത്തത് നിർഭാഗ്യകരമാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ് : സർ, വാളയാർ ചെക്ക്പോസ്റ്റിൽ മാത്രമല്ല, മഞ്ചേശ്വരം ചെക്ക് പോസ്റ്റുകളിൽ ഇപ്പോൾ 3 കിലോമീറ്ററോളം ദൂരത്തിൽ വണ്ടികൾ കിടക്കുകയാണ്. ചെക്ക് പോസ്റ്റുകളിലൂടെ വണ്ടി കടത്തിവിടാൻ

തക്കവിധമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ കഴിയാതിരിക്കുന്നത് വളരെ അപമാനകരമാണ്. വാളയാർ ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ചെക്ക്പോസ്റ്റാണ്. നമ്മുടെ ആവശ്യങ്ങൾ കേന്ദ്രത്തിന് മുമ്പിൽ അവതരിപ്പിക്കാൻ കഴിയുന്നില്ലെന്ന അപമാനം നിൽക്കുകയാണ്. കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ മതിയായ തരത്തിൽ കേസ് നടത്താൻ കഴിയില്ലെന്നുള്ള ആക്ഷേപവും നിൽക്കുകയാണ്. ചെക്ക് പോസ്റ്റുകളിലൂടെ വണ്ടി കടത്തിവിടാൻ പോലും അറിയാത്തവരാണ് കേരളക്കാരെന്നുള്ള അപമാനം ഏറ്റുവാങ്ങിയിരിക്കുകയാണ്. ഇതുണ്ടാക്കാൻ പോകുന്ന പ്രത്യാഘാതമെന്താണ്? Perishable items ഇനി ചെക്ക്പോസ്റ്റുകൾ വഴി കൊടുത്തുവിടാൻ വ്യാപാരികൾ തയ്യാറാകുന്നില്ല. പച്ചക്കറി, പാൽ, കോഴിയിറച്ചി, മുട്ട ഇതൊക്കെ സംസ്ഥാനത്ത് വരുന്നതിന് തടസ്സമുണ്ടാകുമ്പോൾ അതിന്റെ വില ക്രമാതീതമായി വർദ്ധിച്ചുകഴിഞ്ഞിരിക്കുന്നു, ഇനിയും വർദ്ധിക്കുന്ന അവസ്ഥയാണ്. 8 ദിവസമായി വാളയാർ ചെക്ക്പോസ്റ്റിൽ വണ്ടികൾ കിടക്കുകയാണ്. നോമ്പ് കാലത്ത് നോമ്പ് തുറക്കാൻ കഴിയാതെ ഡ്രൈവർമാരടക്കമുള്ള തൊഴിലാളികൾ അവിടെ വിഷമിക്കുകയാണ്. ആ പ്രദേശത്ത് ഒരു ഭക്ഷണവും കിട്ടുന്നില്ല, കുടിക്കാൻ വെള്ളവുമില്ല. നോമ്പ് കാലത്ത് വിശ്വാസികളായ ആളുകൾ അവിടെ ബുദ്ധിമുട്ടുകയാണ്. വാളയാർ ചെക്ക്പോസ്റ്റിൽ മന്ത്രി വരുത്തിയ പരിഷ്കാരം സംസ്ഥാനത്തിന് നാണക്കേട് വരുത്തിവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കേരളത്തിന് അപമാനം വരുത്തിവച്ചിരിക്കുകയാണ്. ഈ പിടിപ്പുകേട് നമുക്ക് താങ്ങാവുന്നതിനും അപ്പുറത്തായിരിക്കുകയാണ്. നാട്ടിൽ വെള്ളവും വെളിച്ചവും സ്കൂളുകളിൽ പാഠപുസ്തവുമില്ല. അതോടൊപ്പം പാലും പച്ചക്കറിയും ഒന്നുമില്ലാത്ത

അവസ്ഥയിലേയ്ക്ക് സംസ്ഥാനത്തെ കൊണ്ടെത്തിക്കുന്നതിന്റെ ഉത്തവാദിത്തം ഈ ഗവൺമെന്റിന് വന്നിരിക്കുകയാണ്. ഇത് വളരെ ഗൗരവമായ വിഷയമാണ്. ഈ സംസ്ഥാത്തെ ജനങ്ങൾ വാങ്ങി ഉപയോഗിക്കുന്ന വസ്തുക്കൾ യഥാസമയം ഇവിടെ എത്തുന്നതിൽ കാലവിളംബം ഉണ്ടാക്കിയ വിഷയം, ഈ സംസ്ഥാനത്തിന് അപമാനം വരുത്തിയ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നമ്മുടെ ചെക്ക്പോസ്റ്റുകളിൽ വാഹനങ്ങൾ കടന്നുപോകാൻ കഴിയാത്തവിധം ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നതുമൂലം മണിക്കൂറുകളോളം ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. അത് ഈ തലതിരിഞ്ഞ പരിഷ്കാരം മൂലം ഉണ്ടായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി, ആ വിഷയത്തെ അഡ്രസ് ചെയ്യുകയോ എങ്ങനെയാണ് അവിടത്തെ പ്രശ്നം പരിഹരിക്കാൻ പോകുന്നതെന്ന് പറയുകയോ ചെയ്തില്ല. അദ്ദേഹം പറഞ്ഞത്, അവിടെ കുറെപ്പേരെ മാറ്റിയെന്നാണ്. അഴിമതി നടത്തിയെന്ന് കണ്ടെത്തിയതിനെത്തുടർന്നാണ് മാറ്റിയതെന്ന് അദ്ദേഹം തന്നെ സഭയിൽ സമ്മതിച്ചു. അങ്ങനെ കണ്ടെത്തിയാൽ കേസ് എടുക്കണ്ടേ? എല്ലാവരുടെയും പേരിൽ കേസ് എടുക്കണമെന്നില്ല, അഴിമതി കണ്ടെത്തിയതിന്റെ പേരിലാണ് അവരെ പുറത്താക്കിയത്, അല്ലെങ്കിൽ സ്ഥലം മാറ്റിയതെന്ന് മന്ത്രി തന്നെ അവകാശപ്പെട്ടാൽ അവരുടെ പേരിൽ കേസ് എടുക്കാതിരിക്കുന്നതിനുപുറകിൽ

ദുരൂഹതയുണ്ടെന്ന് പറയാൻ എല്ലാവർക്കും അവസരം ലഭിക്കുകയല്ലേ ചെയ്യുന്നത്?

അതുകൊണ്ട് രണ്ടുകാര്യങ്ങൾ ചെയ്യണം. ഒന്ന്, അഴിമതിക്കാരായ ആളുകൾ അവിടെയുണ്ടെങ്കിൽ കേസ്സെടുത്ത് ശിക്ഷിക്കണം. രണ്ട്, അടിയന്തരമായി ഗതാഗതകുരുക്ക് ഒഴിവാക്കി യാത്ര സുഗമമാക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കണം. അതിനുവേണ്ടി എന്തു നടപടി സ്വീകരിക്കുമെന്ന കാര്യമാണ് ചർച്ച ചെയ്യേണ്ടിയിരുന്നത്. ഇതൊന്നും ചർച്ച ചെയ്യാതെ അങ്ങ് ഇത് നിസ്സാരവൽക്കരിച്ച ഒരു നിലപാടാണ് സ്വീകരിച്ചത്. ഒന്നും ഈ കേരളത്തിൽ സംഭവിച്ചിട്ടില്ലായെന്നമട്ടിൽ അങ്ങ് സംസാരിച്ചത് പാലക്കാട് വാളയാറിൽ കുടുങ്ങിക്കിടക്കുന്ന യാത്രക്കാരോട്, അവിടത്തെ രോഗികളോട്, മഞ്ചേശ്വരം ചെക്പോസ്റ്റിൽ കുടുങ്ങിക്കിടക്കുന്ന യാത്രക്കാരോട്, ചരക്കുഗതാഗതം നടത്തുന്ന ആളുകളോട് ചെയ്യുന്ന വെല്ലുവിളിയാണ്. കേരളത്തിലെ ഈ പ്രശ്നങ്ങളെ ലഘൂകരിക്കുന്ന ഒരു നിലപാട് സ്വീകരിച്ചത് ദൗർഭാഗ്യകരമായിപ്പോയി. ദൗർഭാഗ്യകരമായ ആ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രൻ സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. കെ. എം. മാണി</u>: സർ,

<u>മി. സ്പീക്കർ:</u> പ്രതിപക്ഷാംഗങ്ങൾ ഇപ്പോൾ ആരുമിവിടെയില്ല. അങ്ങ് നേരത്തെ പറയേണ്ടതായിരുന്നു. യെസ്. പ്ലീസ്..

<u>ശ്രീ. കെ. എം. മാണി:</u> സർ, അവർ പറഞ്ഞുകഴിഞ്ഞപ്പോൾ പുതിയതായി ചിലത് പറയേണ്ടതായി വരുന്നു.

മി. സ്പീക്കർ: അടിയന്തര പ്രമേയത്തിന് അങ്ങനെയൊരു കീഴ്വഴക്കമില്ല. യെസ്.

ശ്രീ. കെ. എം. മാണി: സർ, ഏതായാലും ഒരു വാക്ക് പറയട്ടെ. പുതിയ സിസ്റ്റത്തിൽ ടിൻ ദുരുപയോഗം ചെയ്യുന്നത് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. എന്താണ് പുതിയ സിസ്റ്റത്തിലുള്ളതെന്ന് അവർ ചോദിച്ചു. ഇ-ഡിക്ലറേഷനിപ്പോൾ കൂടുതലായി വരുന്നുണ്ട്. തുഗ്ലക് പരിഷ്കാരമല്ല, ദുരുപയോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ statistics തരാം. കൂടുതലായി ഇ-ഡിക്ലറേഷൻ വരുന്നുമുണ്ട്. ഒരു നല്ല സിസ്റ്റമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനു ശേഷം സഭയിൽ തിരിച്ചെത്തി.)